## പതിനാലാം കേരള നിയമ സഭ
### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2280- 2018 ഫെബ്രുവരി 05 നുള്ള മറുപടിയ്ക്ക്**

സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ.എൻ.ജയരാജ്, എം.എൽ.എ | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ: | സംസ്ഥാന സർവ്വീസിലുള്ള സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത തുകയിൽ ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ: | 2017-2018-ൽ ഭവന നിർമ്മാണ വായ്പ ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 50 കോടി രൂപ (അമ്പത് കോടി മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വസ്തുവിന്റെ പ്രമാണം മുതലായവ സർക്കാരിന്റെ കൈവശമിരിക്കുന്നത് മൂലം ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരായിട്ടുള്ളവർക്ക് മറ്റ് വായ്പയെടുക്കാൻ സാധ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ ജീവനക്കാർ വസ്തുവിന്റെ പ്രമാണം സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. ജീവനക്കാർക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കണമെങ്കിൽ ഭവന നിർമ്മാണ വായ്പ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയാൽ സർക്കാരിൽ സമർപ്പിച്ച വസ്തുവിന്റെ പ്രമാണവും അനുബന്ധരേഖകളും തിരികെ ലഭിക്കുന്നതാണ്. |
| (ഡി) | ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള തടസമെന്തെന്ന് വ്യക്തമാക്കാമോ? | സ്വീകരിച്ചുവരുന്നു |

Sd/-

സെക്ഷൻ ഓഫീസർ